(ബി) ഒപ്പിട്ട ധാരണാ പത്രങ്ങളിൽ ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും ഉപേക്ഷിക്കേണ്ടിവന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) ജനകീയ പ്രക്ഷോഭം മൂലം ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി.-യുടേയും കിൻഫ്രയുടേയും നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായി 11 പദ്ധതികൾ ആരംഭിച്ചു. ഇതിന്റെ മൊത്തം നിക്ഷേപം 121.25 കോടി രൂപയായിരുന്നു. എല്ലാം സ്വകാര്യമേഖലയിലെ പദ്ധതികളായിരുന്നു.

(ബി) ഒപ്പിട്ട ധാരണാപത്രങ്ങളിൽ പുരോഗതി ഉണ്ടായിട്ടില്ലാത്തവ ഉൾപ്പെടുന്നുവെങ്കിലും പദ്ധതികൾ ഉപേക്ഷിക്കുവാനുള്ള അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ചില കേന്ദ്രങ്ങളിൽ നിന്നുണ്ടായ എതിർപ്പുമൂലം ചില പദ്ധതികളിൽ നിക്ഷേപ തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

അമേരിക്കൻ സഹകരണത്തോടെ വ്യവസായ സംരംഭം

13 [1152] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് അമേരിക്കൻ സഹകരണത്തോടെ വ്യവസായങ്ങൾ തുടങ്ങുവാൻ പദ്ധതിയുണ്ടായിരുന്നോ;

(ബി) എങ്കിൽ എന്തെല്ലാം;

(സി) ഇപ്പോൾ വ്യവസായങ്ങൾ അമേരിക്കൻ സഹകരണത്തോടെ സ്ഥാപിക്കുന്നതിനെ ആരെങ്കിലും എതിർക്കുന്നുണ്ടോ; എങ്കിൽ ആരെന്ന് പറയുമോ?

ഉത്തരം

(എ, ബി) കെ. എസ്. ഐ. ഡി. സി.-യുമായി ബന്ധപ്പെട്ട് അമേരിക്കൻ സഹകരണത്തോടെ ആരംഭിക്കാൻ ഇരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

(1) ഇൻഡസ്ട്രിയൽ വെഹിക്കിൾസ് ആന്റ് ബസസ്

(2) കുമരകം ലേക്ക് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്. ഇവയിൽ കുമരകം ലേക്ക് റിസോർട്ട്സ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly